(27) കാഞ്ഞിരപ്പള്ളി ഗവൺമെന്റാശുപത്രിയിൽ വാർഡ് നിർമ്മാണം

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, കാഞ്ഞിരപ്പള്ളി സർക്കാർ താലൂക്കാശുപത്രിയുടെ ശോച്യാവസ്ഥ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഇത് പറയുന്നത്. കാഞ്ഞിരപ്പള്ളി എന്ന പേര് കേട്ടാലും അത് വാഴൂർ നിയോജകമണ്ഡലത്തിൽപ്പെട്ടതാണ്. ഹൈറേഞ്ചിന്റെ കവാടവുമാണ്. വണ്ടിപ്പെരിയാർ മുതലുള്ള രോഗികൾ ഈ ആശുപത്രിയിലാണ് വരുന്നത്. ശരാശരി ആയിരവും ആയിരത്തിയഞ്ഞൂറും രോഗികൾ അവിടെ വരാറുണ്ട്. അവരെ കിടത്തി ചികിത്സിക്കാൻ ഒരു കെട്ടിടമാണുള്ളത്. നൂറും ഇരുന്നൂറും പേരെ കിടത്തി ചികിത്സിച്ചാലും 400 പേർ വരാന്തയിൽ കിടക്കുകയാണ്. ധാരാളം സംഭാവന കിട്ടിയിട്ടുള്ള ഒരു ആശുപത്രിയാണ്. ആ സ്ഥലത്തുള്ള ആളുകൾ സംഭാവന കൊടുത്ത 7 ഏക്കർ സ്ഥലത്താണ് ഈ താലൂക്കാശുപത്രി സ്ഥിതി ചെയ്യുന്നത്. അല്ലാതെയും കെട്ടിടങ്ങൾ പണിയുന്നതിന് ധാരാളം സംഭാവന കിട്ടുന്നുണ്ട്. സർക്കാരിന്റെ വക ഈ പഴയ കെട്ടിടം ജീർണ്ണിച്ച് കിടക്കുന്നു. അത് പുതുക്കിപ്പണിയണം. അതുപോലെ 400 കിടക്കളെങ്കിലുമുള്ള ഒരു ജനറൽ വാർഡ് അവിടെ പണിതില്ലെങ്കിൽ വണ്ടിപ്പെരിയാർ മുതൽ കിഴക്കൻ പ്രദേശങ്ങളിൽനിന്നും വരുന്ന രോഗികൾക്ക് സൗകര്യം കൊടുക്കാൻ നമുക്ക് കഴിയുകയില്ല. എന്നും രോഗികൾ നിറഞ്ഞുകിടക്കുന്ന ഒരാശുപത്രിയാണ് അത്. എപ്പോൾ ചെന്നാലും ആശുപത്രി വരാന്തയിലൊക്കെ രോഗികളാണ്. ഈ നിലയൊന്ന് മാറ്റിക്കിട്ടാൻ ഗവൺമെന്റിനേ എന്തെങ്കിലും ചെയ്യാൻ കഴിയൂ. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറയാൻ പോകുന്ന മറുപടി ഇതെല്ലാം പഞ്ചായത്തിനെ ഏൽപ്പിച്ചിരിക്കുകയാണ് എന്നായിരിക്കും. പഞ്ചായത്തിന് ഒരു ഷെഡ്ഡുപോലും പണിയാൻ കഴിയുകയില്ല. ഗവൺമെന്റ് എടുക്കേണ്ട ഭീമമായ ഉത്തരവാദിത്വം ത്രിതല പഞ്ചായത്തിനെ ഏല്പിച്ചു എന്നു പറഞ്ഞാൽ വേദനിക്കുന്ന, യാതനകളനുഭവിക്കുന്ന മനുഷ്യരുടെ ശാപമുണ്ടാകുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. എന്റെ മണ്ഡലത്തിലെ ആകപ്പാടെ ഒരു ആശുപത്രിയാണ് പണം ചോദിച്ചിട്ടുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി താൽപ്പര്യമെടുത്ത് 400 കിടക്കകളുള്ള ഒരു വാർഡെങ്കിലും പണിത് ഞങ്ങളെ സഹായിക്കണം. അവിടെ കിട്ടിയതൊക്കെ സംഭാവനയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇതിൽ താൽപ്പര്യമെടുക്കണം. ത്രിതല പഞ്ചായത്തിന്റെ പേരിൽ അത് ഒഴിവാക്കരുതെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, കാഞ്ഞിരപ്പള്ളി താലൂക്കാശുപത്രിയിൽ 140 കിടക്കയുണ്ട്; 11 ഡോക്ടർമാരുണ്ട്; അതിനുള്ള തസ്തികയുണ്ട്. ഇപ്പോൾ എ.എസ്.-ഉം ടി. എസും കൊടുക്കേണ്ടത് ബ്ലോക്ക് പഞ്ചായത്താണ്; ഗവൺമെന്റല്ല. നിയമസഭ അംഗീകരിച്ചിട്ടുള്ള നിയമപ്രകാരമുണ്ടായ നടപടികളാണ്. നേരത്തേ എ.എസ് -ഉം ടി.എസ്-ഉം കൊടുത്ത പ്രവൃത്തി നടക്കുന്നുണ്ട്. പുതുതായി എ.എസ്-ഉം ടി.എസ്-ഉം കൊടുക്കണമെങ്കിൽ ബ്ലോക്ക്തല പഞ്ചായത്തിനേകഴിയൂ. അതിന് പണമെങ്ങനെ കൊടുക്കണമെന്നുള്ളത് ആ ഡിപ്പാർട്ടുമെന്റ് ആലോചിക്കുന്നതാണ്. ജനകീയാസൂത്രണത്തിലോ മറ്റു തലത്തിലോ പല പഞ്ചായത്തുകളും കെട്ടിടമുണ്ടാക്കുന്നു. ഒന്നും രണ്ടും മൂന്നും ഘട്ടമായി സ്റ്റാഫിന്റെ കാര്യം ഗവൺമെന്റ് ആലോചിക്കുന്നു. കെട്ടിടമുണ്ടാകുന്ന മുറയ്ക്ക് മുൻഗണനാടിസ്ഥാനത്തിൽ സ്റ്റാഫിനെ കൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly